ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഒരു മില്ലിനു പെർമിറ്റും ലൈസൻസും ഇല്ല, മറ്റൊന്നിനു് ലൈസൻസു് ഇല്ല എന്നു മന്ത്രി പറഞ്ഞു. പെർമിറ്റു കിട്ടിയാലും ലൈസൻസു കിട്ടാതെ മിൽ നടത്താൻപാടില്ലെന്നുള്ള നിലയിൽ അങ്ങനെ നടത്തുന്നവരുടെ പേരിൽ പ്രാസിക്യൂഷൻ നടപടികളും എടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസു് : അത്തരം നടപടികളും എടുക്കേണ്ടതാണു്. ഈ കേസുകളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ : മില്ലിൽ ഒരു പറ നെല്ല് കുത്തുന്നതിനു 10 പൈസയും, കൈക്കുത്തിൽ 30 പൈസയുമാണു് ചാർജ് ഈടാക്കുന്നതു്. ഈ നിലയിൽ എത്ര സഹായംചെയ്താലും കൈക്കുത്തു് അരി പ്രവർത്തനം നടക്കുകയില്ലെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. ഇ. പി. പൗലോസു് : എന്നു പറഞ്ഞുകൂടാ. പല സ്ഥലത്തും കൈക്കുത്തു് നടക്കുന്നുണ്ടു്.

ADJOURNMENT MOTION

Tense Situation prevailing in Kuttiyadi Panchayat:

Mr. Speaker : I have received notice for an Adjournment motion from Shri. C. Achutha Menon to discuss a matter of urgent public importance namely the tense situation prevailing in Kuttiyadi Panchayat as a result of the terroristic tactics employed by one party against the other in the Panchayat elections. I call upon the hon. Minister, to state the facts.

Minister for Home Affairs (**Shri. P. T. Chacko**) : Sir, the statement says that a situation has arisen wherein the hon. Member apprehends a clash between two parties consequent on the campaign for panchayat elections. It is true Sir, that certain undesirable incidents have happened not only in Kuttiyadi but in some other places also. The reason is, obvious. I do not know exactly the details of the incidents that are alleged to have happened in Kuttiyadi. In a panchayat election, naturally, all the feuds and hostilities in a small ward including family feuds and clan hostilities are precipitated, and the situation sometimes become very tense. What I can now assure the House is that all the necessary arrangements have been made to prevent any breach of the peace where the elections are taking place. Necessary police patrols have been arranged.

Sir, you will remember that during the last general elections and the elections to the Lok Sabha, the elections were conducted in one day in the State and it was with some difficulty that the Government managed to arrange enough patrols to maintain peace and franquitily. Now, the Panchayat elections will be completed only within a space of time. This was so arranged mainly because it was thought that otherwise there would be enough occasion for hostilities being precipitated. Therefore intense police patrols have been arranged. I can also assure the House that necessary instructions have been issued to the senior police officers to prevent any clash.

ശ്രീ. സി. അച്യുതമേനോൻ : പൊതുവിൽ ഈ സ്റ്റേറ്റിൽ പഞ്ചായത്തു ഇലക്ഷനുവേണ്ടി നടത്തുന്ന ചട്ടവട്ടങ്ങളെപ്പറ്റിയാണു് മന്ത്രി പറഞ്ഞതു്. പക്ഷേ ഇന്നലെ കിട്ടിയ ഒരു കമ്പിയെ അടിസ്ഥാനമാക്കിയാണു് ഞാൻ ഈ നോട്ടീസു കൊടുത്തതു്. അവിടെ ഇന്നു് ഇലക്ഷൻ നടക്കുന്ന ദിവസമാണു്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ സംഘർഷാവസ്ഥ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നാണ് അറിവു കിട്ടിയിട്ടുള്ളത്. ഇന്ന് എന്തെങ്കിലും സംഘട്ടനം ഉണ്ടാകാൻ ഇടയുണ്ട്. അതു പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

Shri. P. T. Chacko: That is what I can give. I cannot ascertain all the facts within a short time.

Mr. Speaker: In view of the facts placed before the House by the hon. Minister, I withhold consent to the moving of the adjournment motion.

QUESTION OF PRIVILEGE.

Statement alleged to be made by Chief Minister to the Press Representatives regarding the educational System in the State.

Mr. Speaker: A notice has been received from Shri C. Achutha Menon under Rule 148 of the Rules of Procedure and Conduct of Business in the Assembly requesting permission to raise a question of Privilege in respect of a statement alleged to have been made by the Chief Minister on the 13th November 1963 regarding the proposed changes in the Educational system in the State. The Member alleges that by making this announcement to the Press while the House is in Session, the Chief Minister has infringed the privileges of the House and adds that it was highly improper to take a decision on such an important issue without consulting the House.

It would appear from the paper report filed with the notice that on the Chief Minister's return from a conference, he was questioned by the reporters at the aerodrome, where he was casually and informally talking to them. He is not seen indicating that any decision of Government has been arrived at. He has probably expressed his opinion on the issue. Even granting for purposes of argument that it may be the Government's decision, it is not clear how it will involve a question of privilege. It is seen from the Rulings of the Lok Sabha based on the House of Commons practice that there can be no question of privilege in these matters. Therefore, consent has to be withheld.

It may however be stated that it is an established parliamentary convention that when the House is in Session, Members of the Government may refrain from disclosing to the public anything of importance bearing on the policy decisions of Government before the House is informed of them.

ശ്രീ. സി. അച്യുതമേനോൻ : സർ, അങ്ങു പ്രസ്താവിച്ച കൂട്ടത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ കാര്യം സുചിന്തിതമായ ഒരു ഗവണ്മെൻറു നയമായിട്ടല്ല പ്രസ്താവിച്ചതെന്നു സൂചിപ്പിച്ചതായിട്ടാണ് എനിക്കു തോന്നിയതു്. അതിനെ സംബന്ധിച്ച ഒന്നു രണ്ടു കാര്യങ്ങൾ എനിക്കു പറയാനുണ്ട്. ഏതായാലും മുഖ്യമന്ത്രി അങ്ങനെ പറഞ്ഞതു ശരിയായില്ല. സുചിന്തിതമായി ഈ കാര്യത്തിൽ ഗവണ്മെൻറ് ഒരു തീരുമാനം എടുത്തുകഴിഞ്ഞ രീതിയിലാണ് ആ പ്രഖ്യാപനം ഉണ്ടായിട്ടുള്ളതെന്നു മനസ്സിലാക്കാൻ വിഷമമില്ല. ഈ സഭയിൽതന്നെ, ഈ പ്രശ്നത്തെ സംബന്ധിച്ച്, ഒന്നു രണ്ടു തവണ ചോദ്യം ചോദിക്കുകയുണ്ടായി. അന്നൊക്കെ, ഗവണ്മെൻറു ഭാഗത്തുനിന്നു പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly